# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

## പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം
28.09.2021

നമ്പർ. 199/R1/2021/കെ.ഡി.ആർ.ബി

## പത്രക്കുറിപ്പ്

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (എൻവയോൺമെന്റൽ) തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികളിൽ വിജ്ഞാനപ്രകാരമുള്ള യോഗ്യതകളും പ്രവൃത്തിപരിചയവും തെളിയിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ **2021 ഒക്ടോബർ 6** ന് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. അർഹരായ ഉദ്യോഗാർത്ഥികൾക്കുള്ള ഇന്റർവ്യൂ മെമ്മോ തപാൽ വഴിയും ഇ-മെയിൽ മുഖാന്തിരവും അയച്ചിട്ടുണ്ട്. ഇന്റർവ്യൂ മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനും ഇന്റർവ്യൂവിനുമായി തിരുവനന്തപുരത്ത് ആയുർവേദ കോളേജിന് സമീപമുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ ഹാജരാകേണ്ടതാണ്. ഉദ്യോഗാർത്ഥികളുടെ പേര്, ജനനതീയതി, വിദ്യാഭ്യാസ യോഗ്യതകൾ, പ്രവൃത്തിപരിചയം, സമുദായസംവരണം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സലും ശരിപ്പകർപ്പും ഹാജരാക്കേണ്ടതാണെന്നും അറിയിക്കുന്നു.

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്